**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4428** **10-08-2021 - ൽ മറുപടിയ്ക്ക്**

**കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2014 ഏപ്രിൽ 24-ാം തീയതിയിലെ കൊടുങ്കാറ്റും മഴയും മൂലം കൃഷി നശിച്ച കുന്നത്തുനാട് മണ്ഡലത്തിലെ പൂത്തൃക്ക പഞ്ചായത്തിലെ അറുന്നൂറോളം കർഷകർക്ക് കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നാളിതുവരെ ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2014 ഏപ്രിൽ 24-ാം തീയതിയിലെ കൊടുംകാറ്റും മഴയും മൂലം കൃഷി നശിച്ച കുന്നത്ത്നാട് മണ്ഡലത്തിലെ പൂതൃക്ക പഞ്ചായത്തിൽ അഗ്രിക്കൾച്ചറൽ അഡീഷണൽ ഡയറക്ടർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർ തുടങ്ങിയവർ നടത്തിയ കൃഷിയിട പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ 701 കർഷകർക്ക് 9953980/- (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി അൻപത്തി മൂവായിരത്തി തൊള്ളായിരത്തി എൺപത്) രൂപയുടെ ക്ലെയിം തയ്യാറാക്കിയിരുന്നു. എന്നാൽ അന്ന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം അനുവദനീയമായിരുന്ന SDRF (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്) വിഹിതമായ 1104295/- (പതിനൊന്ന് ലക്ഷത്തി നാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി അഞ്ച്) രൂപ മാത്രമെ നൽകുവാൻ സാധ്യമായിരുന്നുള്ളൂ. ടി തുക കർഷകർക്ക് ലഭ്യമാക്കിയിട്ടുമുണ്ട്. |
| (ബി) | കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ പരിശോധനയിൽ ഒരു കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 2014 ഏപ്രിൽ 24-ാം തീയതിയിലെ കൊടുംകാറ്റും മഴയും മൂലം കൃഷി നശിച്ച കുന്നത്ത്നാട് മണ്ഡലത്തിലെ പൂതൃക്ക പഞ്ചായത്തിൽ അഗ്രിക്കൾച്ചറൽ അഡീഷണൽ ഡയറക്ടർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർ തുടങ്ങിയവർ നടത്തിയ കൃഷിയിട പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ 701 കർഷകർക്ക് 9953980/- (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി അൻപത്തി മൂവായിരത്തി തൊള്ളായിരത്തി എൺപത്) രൂപയുടെ ക്ലെയിം തയ്യാറാക്കിയിരുന്നു. എന്നാൽ അന്ന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം അനുവദനീയമായിരുന്ന SDRF (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്) വിഹിതമായ 1104295/- (പതിനൊന്ന് ലക്ഷത്തി നാലായിരത്തി ഇരുന്നൂറ്റി |

| | | | |
|---|---|---|---|
| | | | തൊണ്ണൂറ്റി അഞ്ച്) രൂപ മാത്രമെ നൽകുവാൻ സാധ്യമായിരുന്നുള്ളൂ. ടി തുക കർഷകർക്ക് ലഭ്യമാക്കിയിട്ടുമുണ്ട്. |
| (സി) | കൃഷിനാശം നേരിട്ട കർഷകർക്കെല്ലാം അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അന്ന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം അനുവദനീയമായിരുന്ന തുക വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ